# പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3199 10.12.2018 -ൽ മറുപടിക്ക്

### സ്കൂളുകളിൽ നീന്തൽ പഠനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.മഞ്ഞളാംകുഴി അലി | പ്രൊഫ.സി.രവീന്ദ്രനാഥ്<br>( പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| എ | സംസ്ഥാനത്തെ സ്കൂളുകളിൽ നീന്തൽ പഠനം നിർബന്ധമാക്കി സർക്കാർ ഉത്തരവ് നിലവിലുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ; | എ | ഇല്ല; |
| ബി | വർദ്ധിച്ചുവരുന്ന മുങ്ങിമരണങ്ങളുടെ എണ്ണം കണക്കിലെടുത്തും പഠനത്തോടൊപ്പം കായികക്ഷമത ഉറപ്പുവരുത്തുന്നതിനുമായി ഇത്തരം പദ്ധതി കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ; | ബി & സി | ജലാശയങ്ങൾ ഏറെയുള്ള കേരളത്തിൽ ജലാശയ അപകടങ്ങളിൽ ജീവൻ നഷ്ടപ്പെടുന്നത് കൂടുതലായും കുട്ടികൾക്കാണ്. ഇതിന് പരിഹാരമായി കുട്ടികൾ അബദ്ധവശാൽ ഏതെങ്കിലും ജലാശയത്തിൽ വീണുപോയാൽ അവർക്ക് സ്വയം രക്ഷപ്പെടുന്നതിന് ആവശ്യമായ നീന്തൽ പരിശീലനം ഉറപ്പു വരുത്തുന്നതിനായി കായിക യുവജനകാര്യാലയം 'സ് പ്ലാഷ്' എന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. 12 വയസ്സു മുതൽ 18 വയസ്സു വരെയുള്ള കുട്ടികൾക്കാണ് പരിശീലനം നൽകുന്നത്. പരിശീലന സമയത്ത് നീന്തലിൽ പ്രതിഭ തെളിയിക്കുന്ന കുട്ടികൾക്ക് ദേശീയ/അന്തർദേശീയ തലത്തിലുള്ള നീന്തൽ താരങ്ങളാകുന്ന |
| സി | വിദ്യാർത്ഥികളിൽ നീന്തൽ പരിശീലനത്തിന്റെ ആവശ്യകത സംബന്ധിച്ചും കായികക്ഷമത ഉറപ്പുവരുത്തുന്നതിനും ആവശ്യമായ ബോധവത്ക്കരണവും, കൂടുതൽ വിദ്യാർത്ഥികളെ സ്കൂളുകളിൽ നേരിട്ടോ അല്ലാതെയോ പരിശീലനം നൽകുന്ന തരത്തിലുള്ള പദ്ധതികളും ആവിഷ്കരിച്ച് നടപ്പിലാക്കുമോ? | | |

| | | | | |
|---|---|---|---|---|
| | | | | തിനുള്ള അവസരം കൂടി സൃഷ്ടിക്കുക എന്നതും ഈ പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങളിലൊന്നാണ്. ആദ്യ ഘട്ടമെന്ന നിലയിൽ ഇടുക്കി, തൃശ്ശൂർ, വയനാട്, പാലക്കാട്, കാസർഗോഡ് എന്നീ ജില്ലകളിൽ ഈ പദ്ധതി നടപ്പിലാക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്. ക്രമേണ സംസ്ഥാനത്തെ മുഴുവൻ ജില്ലകളിലേക്കും ഈ പദ്ധതി വ്യാപിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നു. |

Hinadevi

സെക്ഷൻ ഓഫീസർ